# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.840** **03/12/2014-ൽ മറുപടിക്ക്**

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയുള്ള മരുന്ന സംഭരണം

**ചോദ്യം**

ശ്രീ. ജി. സുധാകരൻ
" എസ്. ശർമ്മ
" സി. രവീന്ദ്രനാഥ്
" പി. റ്റി. എ. റഹീം

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയുള്ള മരുന്ന സംഭരണം പാളിയതിന്റെ കാരണങ്ങൾ വിലയിരുത്തിയിരുന്നോ ; എങ്കിൽ അവ എന്തൊക്കെയെന്ന് അറിയിക്കുമോ ; | (എ) | വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പു സാമ്പത്തിക വർഷം മരുന്നു സംഭരണത്തിനായി 434.7 കോടി രൂപ യുടെ ഇൻഡന്റ് ആരോഗ്യവകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 242 കോടി രൂപയാണ്. 2008 മുതൽ 2013 വരെ ഏതാണ്ട് 220 കോടി രൂപ കോർപ്പറേഷന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. എന്നിരുന്നാലും മരുന്ന് വിതരണത്തിനു തടസ്സം ഉണ്ടാകാതിരിക്കാൻ ഈ സാമ്പത്തിക വർഷം ഇതുവരെ 212 കോടി രൂപയുടെ മരുന്നുകൾ കോർപ്പറേഷൻ വിതരണം ചെയ്തു കഴിഞ്ഞു. |
| (ബി) | കോർപ്പറേഷൻ മരുന്ന വിതരണക്കാർക്ക് കുടിശ്ശിക വരുത്തിയതിനാൽ കരാറുകാർ ടെൻഡർ ബഹിഷ്കരിക്കുകയുണ്ടായോ ; കുടിശ്ശിക വരുത്തിയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ ; കോർപ്പറേഷന് നൽകാനുള്ള തുക എത്ര ; | (ബി) | 2008 സാമ്പത്തിക വർഷം മുതൽ 2013 വരെയുള്ള കാലയളവിൽ കോർപ്പറേഷന് 220 കോടി രൂപയുടെ ഫണ്ട് ലഭ്യമാകാനുണ്ട്. തന്മൂലം മുൻ വർഷത്തേത് ഉൾപ്പെടെയുള്ള വിതരണക്കാർക്ക് മരുന്നുവാങ്ങിയ തുക നൽകാനുണ്ട്. തുക നൽകാത്തതിനാൽ ടെൻഡർ ബഹിഷ്കരിക്കുന്ന അവസ്ഥ ഇതുവരെയും ഉണ്ടായിട്ടില്ല. എങ്കിലും ചില വിതരണക്കാർ യഥാസമയം വിതരണം പൂർത്തികരിക്കാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 242 കോടി രൂപയുടെ മരുന്നു സംഭരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയപ്പോൾ 434.7 കോടി രൂപയുടെ ഇൻഡന്റാണ് കോർപ്പറേഷന് ലഭിച്ചത്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇൻഡന്റ് പ്രകാരം നാളിതുവരെ 212 കോടി രൂപയുടെ മരുന്നുകൾ ആശുപത്രികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. |
| (സി) | കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികളെ ടെൻഡറിൽ പങ്കെടുപ്പിക്കുകയുണ്ടായോ ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ? | (സി) | കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികളെ കോർപ്പറേഷൻ ടെൻഡറിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ